യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാം ആന്റ് ഫോഡർ റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സ്കീം
കേരള വെറ്ററിനറി &അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി, മണ്ണുത്തി പി.ഒ., തൃശ്ശൂർ, കേരള, ഇൻഡ്യ -680 651
ഫോൺ : 0487-2370302 ഇമെയിൽ: ulfmty@kvasu.ac.in

നമ്പർ: യു.എൽ.എഫ്./എം.റ്റി.വൈ/ജി/368/2017(1) മണ്ണുത്തി, തീയതി: 15.07.2025

# ക്വട്ടേഷൻ നോട്ടീസ്(1)

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല, .യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാം ആന്റ് ഫോഡർ റിസർച്ച് ഡവലവ്മെന്റ് സ്കീമിന് കീഴിലുള്ള ഫാമുകളിൽ നിന്നും തീറ്റപ്പുല്ല് വിതരണം നടത്തുന്നതിന് കരാറടിസ്ഥാനത്തിൽ പിക് അപ് വാൻ/ട്രാക്ടർ/ടിപ്പർ, മിനിമം 2 ടൺ ഭാരം വഹിക്കാൻ ശേഷിയുള്ളവ, (ഡ്രൈവർ സഹിതം) ആവശ്യമുണ്ട്. നിശ്ചിത തുകയ്ക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വാഹന ഉടമസ്ഥരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## നിബന്ധനകൾ

1. വാഹനം ഫാം സൂപ്പർവൈസർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ, രാവിലെ 8 മണി മുതൽ വൈകിട്ട് 3 മണി വരെ ആവശ്യമാണ്. പുല്ല് ലോഡ് എടുക്കുന്ന സമയവും അത് അൺലോഡ് ചെയ്യുന്ന സമയവും ഇതിൽ ഉൾപ്പെടുന്നു. ഏകദേശം 15 കി.മീ. ദൂരമാണ് വാഹനം ഒരു ദിവസം ഓടേണ്ടത്. ഇടയ്ക്ക് വെച്ച് യാതൊരു കാരണവശാലും വാഹനം വിട്ട് നൽകുന്നതല്ല.
2. നിലവിൽ കരാർ കാലാവധി കരാർ അംഗീകരിക്കുന്ന തീയതി മുതൽ 12 മാസം വരെയോ, ഫാമിന് പുതിയ വാഹനം ലഭ്യമാകുന്നതുവരെയോ ഏതാണോ ആദ്യം, അന്ന് വരെയായിരിക്കും.
3. വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് സ്വീകാര്യമായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. മദ്യപിച്ച് വാഹനം ഓടിക്കാൻ പാടുള്ളതല്ല.
4. വാഹനത്തിന് ആവശ്യമായ രേഖകൾ (ഇൻഷുറൻസ്, ഫിറ്റ്നസ്സ്, രജിസ്ട്രേഷൻ തുടങ്ങിയവ) ഉണ്ടായിരിക്കണം.
5. ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന നിരക്ക് കരാർ കാലയളവിൽ ഒരു കാരണവശാലും മാറ്റം വരുത്താൻ പാടുള്ളതല്ല.
6. ക്വട്ടേഷൻ സ്വീകരിക്കുന്നത്/റദ്ദാക്കുന്നതിന്റെ പൂർണ്ണ അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
7. തെരഞ്ഞെടുത്ത കരാറുകാരൻ 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറെഴുതി ഒപ്പിടേണ്ടതാണ്.
8. വാഹനത്തിന്റെ ഡ്രൈവർ ബന്ധപ്പെട്ട ഫാം സൂപ്പർവൈസറുടെ നിർദ്ദേശാനുസരണം ജോലി ചെയ്യേണ്ടതാണ്.

9. ക്വട്ടേഷനിൽ പങ്കെടുക്കുന്നതിനായി **2000/-** രൂപ നിരതദ്രവ്യം ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10. താഴെ കൊടുക്കുന്ന മാതൃകയിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല, യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാം ആന്റ് ഫോഡർ റിസർച്ച് ഡവലവ്മെന്റ് സ്കീമിന് കീഴിലുള്ള ഫാമുകളിൽ തീറ്റപ്പുല്ല് വിതരണം നടത്തുന്നതിന് കിലോമീറ്ററിന് താഴെ പറയുന്ന നിരക്കിൽ, പിക് അപ് വാൻ/ട്രാക്ടർ/ടിപ്പർ (ഡ്രൈവർ സഹിതം) രാവിലെ 8 മണി മുതൽ വൈകിട്ട് 3 മണി വരെ വിട്ട് നൽകുന്നതിന് എനിക്ക് സമ്മതമാണ്. വാഹനത്തിന്റെ ദൈനംദിന വാടക, കിലോമീറ്റർ അനുസരിച്ച്,

| പ്രതിദിന വാടക<br>(15 കിലോമീറ്ററിന് താഴെ വരെ) | അധികരിക്കുന്ന ഓരോ കിലോമീറ്ററിനുള്ള നിരക്ക് |
|---|---|
| | |

പേര്

അഡ്രസ്സ്

മൊബൈൽ നമ്പർ

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി **23.07.2025 കാലത്ത് 11 മണി** വരെ ആയിരിക്കും. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം കാലത്ത് 11.30 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ രേഖപ്പെടുത്തിയ തുകയ്ക്ക് ക്വട്ടേഷൻ ഉറപ്പിയ്ക്കുന്നതാണ്. ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്ന വ്യക്തി 7 ദിവസത്തിനകം 10,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ്, 200/- രൂപയുടെ മുദ്രപത്രം എന്നിവ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ അയയ്ക്കേണ്ട വിലാസം താഴെ കൊടുക്കുന്നു.

"അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
യു.എൽ.എഫ്. & എഫ്.ആർ.ഡി.എസ്., മണ്ണുത്തി".

ഒപ്പ്
**അസോസിയേറ്റ് പ്രൊഫസർ & ഹെഡ്**

//അംഗീകാരത്തോടെ അയയ്ക്കുന്നത് //

**സെക്ഷൻ ഓഫീസർ**